LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവസ്തുക്കളിലെ മായം

101 (793) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മായം കലർന്ന ഭക്ഷ്യവസ്തുക്കൾമൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തുന്നത് കണ്ടെത്തുന്നതിനുള്ള ലാബ് സൗകര്യം സംസ്ഥാനത്ത് നിലവിലുണ്ടോ ; എങ്കിൽ എവിടെയൊക്കെ ; ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തിയത് സംബന്ധിച്ച് ഈ സർക്കാർ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫുഡ് ടെസ്റ്റിംഗ് ലാബുകളും പത്തനംതിട്ടയിൽ ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനികളുടെ സാന്നിധ്യം കണ്ടെത്തുന്നതിനായി കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിന്റെ സേവനവും മത്സ്യസാമ്പിളുകൾ പരിശോധിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കൊച്ചിയിലെ Centre Institute of Fisheries Technology (CIFT) ലാബിന്റെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്. ഇതോടൊപ്പംതന്നെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുള്ള ഏതാനും സ്വകാര്യ ലാബുകളുടെ സേവനവും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്. നിശ്ചിത ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്തതിന് 95 വ്യാപാരികൾക്കെതിരെ അഡ്ജൂഡിക്കേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മായം ചേർത്തതിന് 26 ക്രിമിനൽ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

പ്രാഥമികാരോഗ്യകേന്ദ്രം

102 (794) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവൂർ ഗ്രാമപഞ്ചായത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

ഇതുസംബന്ധിച്ച് ലഭ്യമായ നിവേദനം പരിശോധിച്ചുവരുന്നു.